ശ്രീ. കെ. ടി. അച്യുതൻ : ആ കാര്യവും പരിഗണിക്കുന്നതാണു്. പൊതുവായിട്ടു ആ സിസ്റ്റം വിതു്ഡ്രാ ചെയ്യേണ്ട ആവശ്യംകൂടി ഉള്ളതുകൊണ്ടു അക്കാര്യത്തെപ്പറ്റിയും ആലോചിക്കാം.

ശ്രീ പി. കെ. കുഞ്ഞച്ചൻ : ഇപ്പോൾ ഈ ഫ്രീ പാസു് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും കൊടുക്കുന്നതുകൊണ്ടു് അതിന്റെ കണക്കുകൾ കൃത്യമായി എടുക്കുന്നതിനു് ദിവസം ആറായിരം കടലാസു് ചെലവാകുന്നുണ്ടു്. അതിന്റെ റെക്കാർഡുകൾ ശരിയാക്കുന്നതിൻവേണ്ടി, ഇനിയും ഈ സമ്പ്രദായം തുടരുന്നതുകൊണ്ടു പുതിയ സ്റ്റാഫിനെക്കൂടി നിയമമാക്കേണ്ടിവരും എന്നുള്ള കാര്യം ഗവണ്മെൻറു് മനസ്സിലാക്കീട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : എല്ലാ വിഭാഗങ്ങളിൽപ്പെട്ടവർക്കും അങ്ങനെ ഫ്രീപാസു കൊടുത്തിട്ടില്ല. ആകെ സ്റ്റോറുട്ടാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിൽ നിന്നും എത്ര ഫ്രീപാസുകൾ കൊടുത്തിട്ടുണ്ടെന്നുള്ളതിനെ ഒരു കണക്കു കിട്ടണം എന്നുള്ള നില വച്ചുകൊണ്ടു് ഇതു ശ്രമിച്ചുനോക്കിയതാണു്. ശ്രീമാൻ ഗോപാലൻ പറഞ്ഞതുപോലെ, ക്രിത്രിമത്തിനു സാദ്ധ്യതയുണ്ടെന്നുള്ള കാര്യങ്ങളും എല്ലാം പരിഗണിച്ചു വേണ്ടതരത്തിൽ മാറ്റങ്ങൾ വരുത്താൻ തയാറാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സ്റ്റോറുട്ടാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽ 6 മാസത്തെ സബ്സീസുള്ളവർക്കാണു് ഇപ്പോൾ പാസു കൊടുക്കുന്നതെന്നു പറഞ്ഞു, അപ്പോൾ 6 മാസത്തിൽ താഴെ ദിവസ ശമ്പളക്കാരായി പബ്ലിക്കു് സർവ്വീസു് കമ്മീഷൻ തെരഞ്ഞെടുത്തിട്ടുള്ള റിസർവ്വു് കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ആറുമാസത്തെ സർവ്വീസില്ല എന്ന കാരണത്താൽ പാസു കൊടുക്കാതിരിക്കുന്നതുകൊണ്ടു് അവരെ സംബന്ധിച്ചിടത്തോളം ശമ്പളവുമില്ല, പണം കൊടുത്തു യാത്ര ചെയ്യുകയാണെങ്കിൽ ഹെഡ്കാർട്ടേഴ്സിൽ പോയി ചിലപ്പോൾ ജോലി കിട്ടാത്ത സാഹചര്യമുണ്ടാകാം. അതുകൊണ്ടു് അവർക്കും കൂടി ഈ പാസു് മറ്റുള്ളവരെപ്പോലെ ലഭിക്കുന്നതിനു ആവശ്യമായ നടപടി യെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അവർക്കു വളരെ ബുദ്ധിമുട്ടാണെന്നുള്ളകാര്യം ഗവണ്മെൻറിനറിയാം. അതു കൊടുക്കാൻ സാധിക്കുമോ എന്നുള്ള കാര്യത്തെപ്പറ്റി വളരെ അനുകൂലമായ നിലയിൽ പരിഗണിക്കുന്നതാണു്.

വാടക കെട്ടിടങ്ങളിൽ നടത്തുന്ന ഡിസ്പെൻസറികൾ.

* 876. [18] ശ്രീ. എം. നാരായണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) പാലക്കാടു ജില്ലയിൽ വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ഡിസ്പെൻസറികൾ എത്രയുണ്ടു്; ഏതെല്ലാം;

(ബി) അമ്പലപ്പാറ ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിലാണോ നടത്തുന്നതു്, അല്ലെങ്കിൽ അതിൽ സ്വന്തം കെട്ടിടമുണ്ടാക്കാൻ നടപടികളെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) 22. അലോപ്പതി 2, ആയുർവ്വേദം 20.)
† ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) അല്ല. നടപടികളെടുത്തുകൊണ്ടിരിക്കുന്നു.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഇക്കൊല്ലംതന്നെ അതിന് ഫലമുണ്ടാകുമോ എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇക്കൊല്ലംതന്നെ അതിന്റെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : അമ്പലപ്പാറ ആശുപത്രിക്ക് ഒരു കെട്ടിടമുണ്ടായിരുന്നിട്ടും അവിടെ സ്ഥലം പോരാ എന്ന കണ്ടതിന്റെ ഫലമായിട്ട് മറ്റൊരു സ്ഥലത്തേക്ക് ആശുപത്രി മാറ്റാൻ തീരുമാനിക്കയുണ്ടായി എങ്കിലും പാലക്കാട്ട് ഡി. എം. ഒ. അവിടെ ചില കുഴപ്പങ്ങൾ കാണിച്ചതുകൊണ്ട് ഈ കെട്ടിടം പണികഴിഞ്ഞു നീണ്ടുപോയതാണെന്നും ഈ അനാശാസ്യ സംഭവങ്ങളുടെ ഫലമായിട്ടുവന്ന താമസമാണെന്നും അതിന് സ്ഥലംകൊടുക്കാൻ തയാറായിവന്നിട്ട് അതു സമ്മതിക്കാതിരിക്കുന്നതിന്റെ ഫലമായിട്ടാണ് ഇപ്പോഴും ഒരു കെട്ടിടത്തിന്റെ മുകളിൽ ആശുപത്രി നടത്തുന്നതു് എന്നുള്ളതു കൊണ്ട് അതിലേക്ക് അടിയന്തിരമായിട്ട് നടപടി നടത്തുമോ ?

ശ്രീ. എം. പി ഗോവിന്ദൻ നായർ : അടിയന്തിരമായിട്ട് ആശുപത്രി കെട്ടിടനിർമ്മാണം നടപ്പാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. ഏബ്രഹാം : മറ്റു ദിക്കുകളിലും ഈ വാടകക്കെട്ടിടങ്ങളിലും സ്ഥാപിച്ചുനടത്തിവരുന്ന ആശുപത്രികൾ ഗവണ്മെന്റുവക കെട്ടിടങ്ങളിൽ സ്ഥാപിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥലത്തും എല്ലാ വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ഗവണ്മെന്റു സ്ഥാപനങ്ങൾക്കും കെട്ടിടമുണ്ടാക്കണമെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നതു്. അതിലേക്ക് ഒരു ഫേസ്ഡ് പ്രോഗ്രാമനുസരിച്ചു എല്ലാം ഉണ്ടാക്കുന്നതാണ്.

എക്സറേ ജീവനക്കാർക്ക് പ്രൊട്ടക്ഷൻ ഉപകരണങ്ങൾ.

* 877. [19] ശ്രീ എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) എക്സറേയിൽ പ്രവർത്തിക്കുന്ന ജീവനക്കാക്ക് റേഡിയേഷനിൽ നിന്നും ശരിയായ സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ പ്രൊട്ടക്ഷൻ ഉപകരണങ്ങൾ കൊടുക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) റേഡിയേഷനിൽനിന്നും ജീവനക്കാരുടെ ആരോഗ്യസ്ഥിതി ശരിയാംവണ്ണം നിലനിർത്തുന്നതിന് അവരുടെ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ ദയവുണ്ടാകുമോ ;

(സി) ഇതര സംസ്ഥാനങ്ങളിൽ കൊടുക്കുന്ന മാതിരി എക്സറേ ജീവനക്കാർക്ക് കമ്പൻസേഷൻ ലീവ് ഇവിടെയും നടപ്പിൽ വരുത്തുവാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കൂടുതൽ റേഡിയേഷനു സാദ്ധ്യതയുള്ള സ്ഥാപനങ്ങളിൽ എക്സറേ പ്രൊട്ടക്ഷൻ കസേരകളും, സ്ക്രീനും കൊടുക്കുകയുണ്ടായിട്ടുണ്ട്. അതിനു പുറമെ, എക്സറേയുള്ള സ്ഥാപനങ്ങളിൽ റേഡിയോപ്രസരം ഇടയ്ക്കിടെ പരിശോധിക്കുന്നതിനുവേണ്ടി എക്സറേ സംരക്ഷണസേവനവും, ഫിലിംബാഡ്ജ് സേവനവും അറേഞ്ചുമിക്കു് എനർജിക്കമ്മിഷനെക്കൊണ്ടു് ഏർപ്പാടു ചെയ്തിട്ടുണ്ട്.

(ബി) റിസ്ക് അലവൻസു് വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയുള്ള നടപടികളൊന്നും ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to starred question No.* 876 (18)]

ഡിസ്പെൻസറികളുടെ ലിസ്റ്റ്

അലോപ്പതി

1. ഗവണ്മെൻറ് ഡിസ്പെൻസറി—കോട്ടായി.
2. ഗവണ്മെൻറ് ഡിസ്പെൻസറി—അമ്പലപ്പാറ.

ആയുർവേദിക്ക്

1. ഡിസ്പെൻസറി അയിരൂർ
2. .. തുറിയൂർ
3. .. ചെമ്മന്തൂർ
4. .. കരക്കുറിച്ചി
5. .. കാലടി
6. .. കൊഴിഞ്ഞാംപാറ
7. .. മുത്തുത്തല
8. .. മേലത്തൂർ
9. .. മുണ്ടൂർ
10. .. നല്ലേപ്പിള്ളി
11. .. പട്ടാഞ്ചേരി
12. .. പുലമന്തോൾ
13. .. ശങ്കരംകുളം
14. .. തോലന്നൂർ
15. .. വിഷവൈദ്യ ഡിസ്പെൻസറി അയിലൂർ
16. .. മുതലമട
17. .. തവന്നൂർ
18. .. മുളഞ്ഞൂർ
19. .. വിളയഞ്ചാത്തന്നൂർ
20. .. വാണിയംകുളം

LIBRARY ARCHIVES Kerala Legislative Assembly